# പതിമൂന്നാം കേരള നിയമസഭ

**പത്താം സമ്മേളനം**
**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T.3877**
**31.01.2014 ലെ മറുപടിക്ക്**

<u>ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചേർത്തലയിലെ സ്കൂളുകൾക്ക് ബസ്</u>

**ചോദ്യം** | **ഉത്തരം**

**ശ്രീ.പി.തിലോത്തമൻ, എം.എൽ.എ**

**ശ്രീ.കെ.എം.മാണി**
(ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉറ്റപ്പെടുത്തി 2013 ൽ ചേർത്തല മണ്ഡലത്തിലെ മൂന്ന് സർക്കാർ വിദ്യാലയങ്ങൾക്ക് സ്കൂൾ ബസ്സുകൾ വാങ്ങി നൽകുന്നതിനുള്ള നിർദ്ദേശം സർക്കാരിന് ലഭിച്ചിട്ട് എത്ര നാളായി എന്ന് വ്യക്തമാക്കാമോ; ചേർത്തല ഡി.ഇ.ഒ. യ്ക്ക് നൽകിയ തുക അനുവദിച്ചു കൊണ്ടുള്ള നിർദ്ദേശം ഏതെല്ലാം ഓഫീസുകളിൽ എത്ര നാൾ വീതം നടപടിയില്ലാതെ കിടന്നു എന്ന് വിശദമാക്കുമോ; പ്രസ്തുത ഫയൽ ഓരോ ഓഫീസിലും ഓരോ സെക്ഷനിലും ഏതു തീയതി മുതൽ ഏതു തീയതി വരെ വച്ചിരുന്നു എന്നു വിശദമാക്കുമോ; പ്രസ്തുത ഫയലിൽ നിലവിലുള്ള നടപടി എന്താണെന്ന് അറിയിക്കുമോ ; | ഈ വിഷയം സംബന്ധിച്ച് സ്ഥലം എം.എൽ.എ.യുടെ നിർദ്ദേശം 13.05.2013 ൽ ധനവകുപ്പിൽ ലഭിക്കുകയും ബഹു.ധനകാര്യ മന്ത്രിയുടെ ഉത്തരവ് പ്രകാരം വിശദമായ എസ്റ്റിമേറ്റ് സമർപ്പിക്കുവാൻ ഭരണവകുപ്പിനോട് ആവശ്യപ്പെട്ടിട്ടുള്ളതുമാണ്. ബഹു.എം.എൽ.എ. യുടെ കത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തികാനുമതി നൽകുന്നതിന് ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കാൻ 13.09.2013 ലെ അനൗദ്യോഗികക്കുറിപ്പ് പ്രകാരം പൊതു വിദ്യാഭ്യാസ വകുപ്പിനോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആ വകുപ്പിൽ നിന്നുള്ള നിർദ്ദേശങ്ങൾ ഇനിയും ലഭിച്ചിട്ടില്ല. |

| | | |
|---|---|---|
| (ബി) | സർക്കാർ സ്കൂളുകൾക്ക് സ്കൂൾ ബസ്സുകൾ അനുവദിക്കുന്ന പദ്ധതികൾ അട്ടിമറിക്കുവാൻ ശ്രമം നടക്കുന്നുണ്ടോ; വ്യക്തമാക്കാമോ ; | നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡ പ്രകാരം പൊതുജനോപകാരപ്രദവും ദീർഘകാലം നിലനിൽക്കുന്നതുമായ മൂലധന സ്വഭാവമുള്ള ആസ്തി സൃഷ്ടിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. സ്കൂൾ ബസ് വാങ്ങുന്നതിന് പദ്ധതിയുടെ നിബന്ധനകൾ അനുവദിക്കുന്നില്ല. എന്നാലും സാഹചര്യങ്ങൾ പരിഗണിച്ച് നിയമത്തിൽ ഇളവ് നൽകി ചില സർക്കാർ സ്കൂളുകളിൽ ബസ് വാങ്ങാൻ അനുമതി നൽകിയിട്ടുണ്ട്. ചേർത്തലയിലെ 3 സ്കൂളിൽ ബസ് വാങ്ങാനുള്ള സമഗ്രമായ നിർദ്ദേശം പൊതുവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് പ്രസ്തുത നിർദ്ദേശം പരിഗണിക്കുന്നതാണ്. |
| (സി) | ചേർത്തല മണ്ഡ ലത്തിലെ മൂന്ന് സ്കൂളുകൾക്ക് ആസ്തിവികസന ഫണ്ടിൽ നിന്നും സ്കൂൾ ബസ്സുകൾ അനുവദിക്കുന്നതിനുള്ള നിർദ്ദേശത്തിൻമേൽ ഭരണാനുമതി ലഭിക്കാൻ ഇനിയും കാലതാമസം എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; എന്നത്തേയ്ക്ക് ഇതിനുള്ള ഭരണാനുമതി ലഭിക്കുമെന്ന് വിശദമാക്കാമോ ; | |
| (ഡി) | തുക അനുവദിച്ച് നിർദ്ദേശം നൽകുമ്പോൾ ഉണ്ടായിരുന്ന എസ്റ്റിമേറ്റ് തുകയേക്കാൾ വാഹനത്തിന് വിലവർദ്ധിച്ചാൽ ഉണ്ടാകുന്ന സാമ്പത്തികനഷ്ടം ഇതിനു കാരണക്കാരായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കുമോ? | |

**സെക്ഷൻ ഓഫീസർ**